എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3463 09.04.2013-ൽ മറുപടിയ്ക്ക്

## ഗുണമേന്മ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, പി.സി.വിഷ്ണുനാഥ്<br>,, ലൂഡി ലൂയിസ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുശൃംഖല യുടെ ഗുണമേന്മ ഉറപ്പുവരുത്തു ന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാ നാണ് ഉദ്ദേശിക്കുന്നത് ; | (എ) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള കോഡും മാന്വലും അനുസരിച്ചുള്ള നടപടികൾക്കു പുറമേ 3 മേഖലകൾക്കായി (ദക്ഷിണമേഖല, മധ്യമേഖല, ഉത്തരമേഖല) 3 മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തര വായിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഗുണമേന്മ പരിശോധന ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് (2 റീജിയണൽ ലബോറട്ടറികളും 11 ജില്ലാതല ലബോറട്ടറികളും) സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 469/2013/PWD തീയതി 30.03.2013 അനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ലാബുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് 10.98 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ആയതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;<br>(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത ശൃംഖലയിൽ ഉൾ പ്പെടുത്തുവാനുദ്ദേശിക്കുന്നത് ;<br>(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയി ക്കുമോ ? | **(ബി), (സി) & (ഡി) :**<br>സംസ്ഥാനത്തെ റോഡുകൾ അന്തർദ്ദേശിയ നില വാരത്തിൽ പുനർ നിർമ്മിക്കുന്നതിനായി കെ.എസ്. ടി.പി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനവും, പുതുതായി 1204 കി.മീ റോഡുകൾ നവീകരി ക്കുന്നതിന് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ലിമിറ്റഡ് രൂപീകരിച്ച് പ്രവർത്തനവും ആരംഭിച്ചി ട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കോൺക്രീറ്റ് റോഡു കൾ നിർമ്മിക്കുന്നതിന്റെ ആദ്യപടിയായി എറണാ കുളത്തെ സീപോർട്ട്-എയർപോർട്ട് റോഡിൽ എച്ച്.എം.ടി കവല മുതൽ മണലിമുക്ക് വരെയുള്ള (5.50 കി.മീ) ഭാഗത്തെ പ്രവൃത്തികൾ നടപ്പിലാ ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ പാതകൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തു ന്നതിലേയ്ക്കായി 829 കി.മീ സർവ്വീസ് റോഡോടു കൂടിയ നാല് വരി പാതയായി എൻ.എച്ച്.ഡി.പി Phase II & III-ൽ വികസിപ്പിക്കുന്നതിന് എൻ.എച്ച്.എ.ഐ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ 682 കി.മീ റോഡ് പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരി പാതയായി വികസിപ്പിക്കുന്നതിന് എൻ.എച്ച്.ഡി.പി Phase-IV A-ൽ വികസിപ്പി ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ